**<u>ക്ഷീരവികസന വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>**

**ഹാജർ : സുപിൻ വി. കെ.എ.എസ്.**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - ജീവനക്കാര്യം - വകുപ്പിലെ 3 ഡെയറി ഫാം ഇൻസ്ട്രക്ടർമാരുടെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം.DDDKER/401/2024-E1 തിരുവനന്തപുരം,തീയതി: 29-10-2024

---

പരാമർശം:- 1. ബഹു. കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ സെക്രട്ടറിയുടെ 20.07.2021, 08.10.2021 തീയതികളിലെ R1F (1) 229/2020/GW നമ്പർ നിയമന ശിപാർശകൾ.

2. ഈ കാര്യാലയത്തിൽ നിന്നുള്ള 05.05.2022, 21.07.2022 തീയതികളിലെ ഇ1/17795/2019 നമ്പർ നിയമന ഉത്തരവുകൾ.

3. ഈ കാര്യാലയത്തിൽ നിന്നുള്ള 23.12.2023, 28.02.2024 തീയതികളിലെ DDDKER/2820/2023-E1 നമ്പർ നിയമന ക്രമീകരണ ഉത്തരവുകൾ.

4. ക്ഷീരവികസന വകുപ്പ് പത്തനംതിട്ട, എറണാകുളം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാരുടെ വിവിധ തീയതികളിലെ കത്തുകളും പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷകളും.

**<u>ഉത്തരവ്</u>**

മേൽപരാമർശം (1) പ്രകാരമുള്ള നിയമന ശിപാർശകൾ പ്രകാരവും മേൽപരാമർശം (2) പ്രകാരമുള്ള നിയമന ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച താഴെപ്പറയുന്ന 3 ഡെയറി ഫാം ഇൻസ്ട്രക്ടർമാരുടെ പ്രൊബേഷൻ പ്രഖ്യാപിച്ച് ഉത്തരവാകണമെന്ന് മേൽപരാമർശം (4) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

താഴെപ്പറയുംവിധം തീയതികളിൽ (കോളം നം. 3) ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ടി 3 ഡെയറി ഫാം ഇൻസ്ട്രക്ടർമാർ താഴെപ്പറയും വിധം തീയതികളിൽ (കോളം നം. 5) 2 വർഷ പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ചിട്ടുണ്ട്. ടി കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന തരത്തിലുള്ള/ബാധിക്കാത്ത അവധികൾ എടുത്തിട്ടുള്ള വിവരം കോളം നം. 4-ൽ ചുവടെ ചേർത്തിട്ടുണ്ട്. കൂടാതെ, ടി 3 ഡെയറി ഫാം ഇൻസ്ട്രക്ടർമാരും ഇതിനകം ജി.പി.എഫ്., ജി.ഐ.എസ്., എസ്.എൽ.ഐ., എൻ.പി.എസ്. എന്നിവയിൽ അംഗമാവുകയും ചെയ്തിട്ടുണ്ട്. ടി 3 ഡെയറി ഫാം ഇൻസ്ട്രക്ടർമാരുടെ പ്രൊബേഷൻ കാലയളവിലെ സ്വഭാവവും ജോലിയ്ക്കുള്ള സാമർത്ഥ്യവും തൃപ്തികരമാണെന്നും ബന്ധപ്പെട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ അറിയിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ, ക്ഷീരവികസന വകുപ്പിലെ വിവിധ ക്ഷീരവികസന യൂണിറ്റ് കാര്യാലയങ്ങളിൽ സേവനമനുഷ്ഠിച്ചുവരുന്ന താഴെപ്പറയുന്ന 3 ഡെയറി ഫാം ഇൻസ്ട്രക്ടർമാരുടെ പ്രൊബേഷൻ താഴെപ്പറഞ്ഞിരിക്കുന്ന സ്റ്റേറ്റ്മെന്റിലെ കോളം നം. 6-ൽ

പറഞ്ഞിരിക്കുന്ന പ്രകാരം തീയതികളിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ഡെയറി ഫാം ഇൻസ്ട്രക്ടറുടെ പേര്, (പെൻ), നിലവിലെ കാര്യാലയം, ജില്ല. | ജോലിയിൽ പ്രവേശിച്ച തീയതി | അവധി വിവരങ്ങൾ | 2 വർഷ പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കിയ തീയതി | പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവാകുന്ന തീയതി |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | ആതിര ചന്ദ്, (925394) മൂവാറ്റുപുഴ, എറണാകുളം. | 22.07.2022 പൂർവ്വാഹ്നം | മെറ്റേണിറ്റി ലീവ് - 180 ദിവസം | 21.07.2024 അപരാഹ്നം | 22.07.2024 പൂർവ്വാഹ്നം |
| 2 | അപ്പൂസ് എസ്.ബി., (919039) ഇലന്തൂർ, പത്തനംതിട്ട. | 06.05.2022 പൂർവ്വാഹ്നം | ഇല്ല | 05.05.2024 അപരാഹ്നം | 06.05.2024 പൂർവ്വാഹ്നം |
| 3 | അരുൺകുമാർ എൻ. (869446) മല്ലപ്പള്ളി, പത്തനംതിട്ട. | 22.07.2022 പൂർവ്വാഹ്നം | ഇല്ല | 21.07.2024 അപരാഹ്നം | 22.07.2024 പൂർവ്വാഹ്നം |

ഉത്തരവിനോടൊപ്പം ഉള്ളടക്കം ചെയ്യുന്ന ടി ജീവനക്കാരുടെ സേവനപുസ്തകം/സേവനപുസ്തകങ്ങൾ താങ്കളുടെ കാര്യാലയത്തിൽ കൈപ്പറ്റിയ വിവരം മടക്കത്തപാലിൽ അറിയിക്കേണ്ടതാണ്.

Signed by
Supin V Kas
Date: 29-10-2024 13:19:37

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ K.A.S.**

To:- ബന്ധപ്പെട്ട ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്ക് (ഓഫീസ് മേലധികാരി മുഖേന)

പകർപ്പ്:- 1) ഡെപ്യൂട്ടി ഡയറക്ടർമാർ (പത്തനംതിട്ട, എറണാകുളം)

2) ബന്ധപ്പെട്ട ക്ഷീരവികസന ഓഫീസർമാർക്ക് (ഡി.ഡി. മുഖേന) (ഉത്തരവിന്റെ ഒരു പകർപ്പ് ടിയാന്റെ/ടിയാളുടെ സേവനപുസ്തകത്തിൽ ഒട്ടിച്ചുചേർത്ത് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്).

3) ഡയറക്ടറുടെ മേശപ്പുറത്ത് (സി.എ. മുഖേന)

4) അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ മേശപ്പുറത്ത് (സി.എ. മുഖേന)

5) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.

6) ഇ സെക്ഷൻ സീനിയർ സൂപ്രണ്ട്.

7) ഡെയറി ഫാം ഇൻസ്ട്രക്ടർ, TC&IT, ഡയറക്ടറേറ്റ് (വെബ്-സൈറ്റിൽ കൂട്ടിച്ചേർക്കുന്നതിന്).

8) സഞ്ചയം.

9) ശേഖരസഞ്ചയം.